# നീലഗിരി കാട്ടുകളിൽ വണ്ട് മോഷണം

**അനിൽകുമാർ തൃക്കൈപ്പറ്റ**

ചിത്രശലഭങ്ങൾക്കുപുറമെ നീലഗിരിയിൽപ്പെട്ട നിലമ്പൂർ കാടുകളിൽനിന്നും പ്രത്യേകതരം വണ്ടുകളേയും വിദേശത്തേക്ക് കടത്തുന്നു. മാഞ്ചീരി, പാട്ടകരിമ്പ്, അപ്പൻകാപ്പ്, ചെമ്പ്ര, പുഞ്ചകൊല്ലി, അളക്കൽ തമിഴ്നാട്ടിലെ ഗൂഡല്ലൂർ, കിളിയൻട്രാക്ക് എന്നീ ആദിവാസി ഊരുകളിലെ കാട്ടുനായ്ക്കർ മുഖേനയാണ് ഈ മോഷണം.

വണ്ടുകളുടെ പ്രത്യേകതക്കനുസരിച്ച് 250 മുതൽ 5000 രൂപ വരെ പ്രതിഫലം ലഭിക്കുമെന്ന് ആദിവാസികൾ പറയുന്നു. പെൺവണ്ടിന് 3000 രൂപ വരെ കിട്ടുമെന്നാണ് ആദിവാസികൾ പറയുന്നത്. പുറന്തോടിനിരുവശവും ചിത്രപ്പണികളോട്ടുകൂടിയ ഇതിന്റെ ആൺവണ്ടിന് 5000 രൂപയാണ് വില.

സാധാരണ വെണ്ടേക്ക് മരങ്ങളിലാണ് ഈ വണ്ടുകളുടെ വാസം. കല്ലെടുത്ത് മരത്തിൽ മുട്ടിയാൽ താഴെ വീഴുന്ന വണ്ടുകളെ ശേഖരിച്ച് മണ്ണെണ്ണയിൽ മുക്കി കൊന്നാണ് വിദേശത്തേക്ക് കടത്തുന്നത്. ഈ വണ്ടുകളെ ഊരുകളിൽ നിന്നും ശേഖരിക്കുവാൻ പ്രാദേശികമായി തന്നെ ധാരാളം ഏജന്റുമാരുണ്ട്. തമിഴ്നാട്ടിലെ കിളിയൻട്രാക്കാണ് ഇതിൽ പ്രധാന കേന്ദ്രം.

ഊട്ടിയിൽ നിന്നും വരുന്ന സായിപ്പ് കിളിയൻ ട്രാക്കിൽ നിന്നും വണ്ടുകളെ കൊണ്ടുപോകുന്നു എന്നല്ലാതെ മറ്റൊരു വിവരവും ആദിവാസികൾക്കറിയില്ല. നിലമ്പൂർ കാടുകളിൽ നിന്നും മുമ്പ് ചിത്രശലഭങ്ങളെ വ്യാപകമായി വിദേശത്തേക്ക് കടത്തുന്നത് വിവാദമായിരുന്നു.